# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

കെ. എൻ. വേണുഗോപാലൻ കർത്ത
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 2731020, 2732650,
മൊബൈൽ: 9846720402

പി.ആർ.ഒ/36/177/2017 പത്രക്കുറിപ്പ് 2017 ആഗസ്റ്റ് 23

**എം. ജി. പി. ജി. ഏകജാലകം : ട്രയൽ അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. തിരുത്തലുകളും പുതുക്കിയ ഓപ്ഷനുകളും നാളെ (ആഗസ്റ്റ് 25) വൈകീട്ട് അഞ്ചുമണി വരെ.**

മഹാത്മാഗാന്ധി സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള സർക്കാർ/എയ്ഡഡ്/സ്വാശ്രയ ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ ഏകജാലകം വഴിയുള്ള ഒന്നാം വർഷ പി. ജി പ്രോഗ്രാമുകളിലേക്കുള്ള ട്രയൽ അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. ഓപ്ഷനുകൾ പുതുക്കുന്നതിനും ഓൺലൈൻ അപേക്ഷയിൽ തിരുത്തലുകൾ വരുത്തുന്നതിനും. നാളെ (ആഗസ്റ്റ് 25)വൈകീട്ട് അഞ്ചുമണി വരെ അവസരമുണ്ടായിരിക്കും. ഉചിതമായ ഓപ്ഷനുകൾ തെരഞ്ഞെടുക്കുന്നതിലേക്കായി അപേക്ഷകർ ഓപ്ഷനായി നൽകിയിട്ടുള്ള വിവിധ പ്രോഗ്രാമുകളിലെ ഇൻഡക്സ് മാർക്കും, ട്രയൽ അലോട്ട്മെന്റിലെ വിവിധ പ്രോഗ്രാമുകളിലെ അവസാന റാങ്ക് വിശദാംശങ്ങളും പ്രൊവിഷണൽ റാങ്ക് ലിസ്റ്റും വെബ്സൈറ്റിൽ ലഭ്യമാണ്. അപേക്ഷകർക്ക് തങ്ങൾ ഓപ്ഷനായി നൽകിയിട്ടുള്ള വിവിധ പ്രോഗ്രാമുകളിലെ ഇൻഡക്സ് മാർക്ക്, വെബ്സൈറ്റിൽ നൽകിയിട്ടുള്ള വിവിധ പ്രോഗ്രാമുകളുടെ സീറ്റ് വിശദാംശങ്ങൾ, അവസാന റാങ്ക് വിശദാംശങ്ങൾ, പ്രൊവിഷണൽ റാങ്ക് ലിസ്റ്റ് എന്നിവ പരിശോധിച്ച് ഉചിതമായ ഓപ്ഷനുകൾ ആവശ്യമെങ്കിൽ പുതുതായി നൽകുകയോ പുനക്രമീകരിക്കുകയോ ഒഴിവാക്കുകയോ ചെയ്യാം. അപേക്ഷയിലെ കൃത്യത ഉറപ്പുവരുത്തുന്നതിനും അനുയോജ്യമായ ഓപ്ഷനുകൾ നൽകുന്നതിനും ആവശ്യമായ വിവരങ്ങൾ www.cap.mgu.ac.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. ഒന്നാം അലോട്ട്മെന്റ് ആഗസ്റ്റ് 31 ന് പ്രസിദ്ധീകരിക്കും. വിവരങ്ങൾക്ക് ഫോൺ : 0481 6555563.

**പരീക്ഷാതീയതി**

സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിലെ രണ്ടാം സെമസ്റ്റർ ഏകവത്സര എൽ. എൽ. എം ഡിഗ്രി പരീക്ഷകൾ സെപ്റ്റംബർ 14 ന് ആരംഭിക്കും. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി ആഗസ്റ്റ് 31. വിവരങ്ങൾക്ക് ഫോൺ : 0481 2310165.

**പ്രാക്ടിക്കൽ പരീക്ഷ**

2017 ഏപ്രിൽ, മെയ് മാസങ്ങളിൽ നടത്തിയ ഒന്നു മുതൽ ആറു വരെ സെമസ്റ്റർ ബാച്ചിലർ ഓഫ് ടൂറിസം സ്റ്റഡീസ് (ഓഫ് കാമ്പസ് - റഗുലർ/ സപ്ലിമെന്ററി/മേഴ്സിചാൻസ്) ഡിഗ്രി പരീക്ഷകളുടെ പ്രാക്ടിക്കൽ ആഗസ്റ്റ് 26 ന് ചാലക്കുടി നിർമ്മല ഓഫ് കാമ്പസ് സെന്റർ ഫോർ ഇൻഫർമേഷൻ ടെക്നോളജിയിൽ വച്ച് നടത്തും. വിശദവിവരങ്ങൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്. വിദ്യാർത്ഥികൾ ഹാൾടിക്കറ്റും ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡും സഹിതം രാവിലെ 9 മണിക്ക് പരിക്ഷാകേന്ദ്രത്തിൽ ഹാജരാകണം.

**റിസർച്ച് അസിസ്റ്റന്റ് : എഴുത്തുപരീക്ഷ ഓഗസ്റ്റ് 26 ന്**

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ ബിസിനസ്സ് ഇന്നൊവേഷൻ & ഇൻക്യൂബേഷൻ സെന്ററിൽ (BIIC) റിസർച്ച് അസിസ്റ്റന്റ് തസ്തികയിൽ തെരഞ്ഞെടുപ്പിനുള്ള പ്രാഥമിക പരീക്ഷ കോട്ടയം ബസേലിയസ് കോളേജിൽ ആഗസ്റ്റ് 26 ന് രാവിലെ 10.30 ന് നടത്തും. പൊതു നിർദ്ദേശങ്ങളും യോഗ്യരായ അപേക്ഷകരുടെ പേരും റോൾ നമ്പരും അടങ്ങുന്ന നോമിനൽ റോളും അഡ്മിറ്റ് കാർഡിന്റെ മാതൃകയും www.mgu.ac.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. അപേക്ഷകർ വെബ്സൈറ്റിൽ നിന്നും അഡ്മിറ്റ് കാർഡിന്റെ പ്രിന്റ് എടുത്ത് ഫോട്ടോ പതിച്ച് ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തി നിശ്ചിത തിരിച്ചറിയൽ രേഖയുടെ പകർപ്പുമായി പരീക്ഷയ്ക്ക് ഹാകരാകണം.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്ജ്)**